SNDP യോഗം

ശ്രീനാരായണ പെൻഷനേഴ്സ് കൗൺസിൽ

ഗുരുവിദ്യാനിധി

"ദൈവമേ കാത്തുകൊൾകങ്ങു
കൈവിടാതിങ്ങു ഞങ്ങളേ"



Sreenarayana
Pensioners
Council

# ശ്രീനാരായണ പെൻഷനേഴ്സ് കൗൺസിൽ

## എസ്എൻഡിപി യോഗം,കൊല്ലം

### അഭ്യർത്ഥന

പ്രിയ സുഹൃത്തുക്കളെ,

ശ്രീനാരായണ പെൻഷനേഴ്സ് കൗൺസിലിന്റെ സാമൂഹ്യപ്രതിബദ്ധതയ്ക്ക് യാഥാർത്ഥ്യബോധം പകർന്നുകൊണ്ട് ഗുരുവിദ്യാനിധി എന്ന പദ്ധതി 2024 മെയ് 23ന് ആരാധ്യനായ എസ്എൻഡിപി യോഗം ജനറൽ സെക്രട്ടറി ശ്രീ. വെള്ളാപ്പള്ളി നടേശൻ സമാരംഭം കുറിച്ചിരിക്കുകയാണ്. സമൂഹത്തിന്റെ പുരോഗതിക്കൊപ്പം സമുദായത്തെയും വളർത്തിയെടുക്കുന്നതിന് സ്വയം ഊർജ്ജം സംഭരിക്കുക എന്നതാണ് ഇതിലൂടെ എസ്എൻപിസി ലക്ഷ്യം വയ്ക്കുന്നത്. അറിവിന്റെയും തിരിച്ചറിവിന്റെയും വഴിയെ പിൻതലമുറയെ നയിക്കുന്നതിനുള്ള മുതൽക്കൂട്ടായി ഈ ഉദ്യമത്തെ കാണേണ്ടതുണ്ട്. പൊതുസേവനമേഖലയിൽ പ്രവർത്തിക്കാനും അതുവഴി ജീവിതോത്കർഷം കൈവരിക്കാനും അവസരം ലഭിച്ച എസ് എൻ പി സി അംഗങ്ങൾ അവരുടെ അറിവിന്റെയും സമ്പത്തിന്റെയും ഒരംശം ഇതിനായി മാറ്റിവെക്കാൻ തീരുമാനിച്ചതിന്റെ ഫലമായാണ് ഗുരുവിദ്യാനിധി രൂപീകരിക്കപ്പെട്ടത്. സമൂഹത്തിലെ കുട്ടികളുടെ വളർച്ചയ്ക്ക് പ്രചോദനാത്മകമായ ഇടപെടൽ (മോട്ടിവേഷണൽ ഇന്റർവെൻഷൻ)നടത്തുക, അറിവിന്റെയും അവസരങ്ങളുടെയും അനന്തസാധ്യതകളെക്കുറിച്ച് അവബോധം സൃഷ്ടിക്കുക, ഗുരുദർശനങ്ങളിൽ അടിയുറച്ച കുടുംബ പശ്ചാത്തലം സൃഷ്ടിക്കാൻ പ്രേരക സ്രോതസ്സായി പ്രവർത്തിക്കുക, ഉന്നത വിദ്യാഭ്യാസ തൊഴിൽ മേഖലകളിൽ ഉൾപ്പെടെ ജനാധിപത്യ സമൂഹത്തിന്റെ എല്ലാ മേഖലകളിലും വളർച്ച നേടുന്നതിന് ആവശ്യമായ നൈപുണ്യ മികവുനേടുക എന്നിങ്ങനെ വൈവിധ്യമാർന്ന സാമൂഹ്യവികസന പ്രവർത്തനങ്ങളാണ് പെൻഷനേഴ്സ് കൗൺസിൽ ഉദ്ദേശിക്കുന്നത്. അതിന്റെ ഭാഗമായി ഉന്നത വിദ്യാഭ്യാസ മേഖലയിൽ സമർത്ഥരായ കുട്ടികൾക്കു പഠന സഹായങ്ങൾ എത്തിക്കുന്നതും, സിവിൽ സർവീസ്, സമാന അഖിലേന്ത്യാ സർവീസുകൾ, സ്റ്റാഫ് സെലക്ഷൻ കമ്മീഷൻ, സെക്രട്ടേറിയറ്റ് ഉൾപ്പടെയുള്ള ഭരണ വിഭാഗങ്ങളിലും ഉള്ള അവസരങ്ങൾ പ്രയോജനപ്പെടുത്താനും യുവജനങ്ങളെ പ്രാപ്തരാക്കുവാൻ ഗുരുവിദ്യാനിധി രൂപീകരണത്തിലൂടെ SNPC ലക്ഷ്യം വയ്ക്കുന്നു.